# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1262      13.07.2016-ൽ മറുപടിക്ക്

## സർക്കാർ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായുള്ള നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി.ഉണ്ണി** | **ശ്രീ. പിണറായി വിജയൻ**<br>**മുഖ്യമന്ത്രി** |
| (എ) സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ കാര്യക്ഷമതയും തൊഴിൽപരമായ കഴിവും വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;<br><br>(ബി) സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ കർമ്മശേഷിയും ജോലിയും മറ്റും നിരീക്ഷിക്കുന്നതിനുള്ള നിലവിലെ സംവിധാനത്തിലെ പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ മെച്ചപ്പെട്ട സംവിധാനം ഏർപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദീകരിക്കാമോ? | **(എ) യും (ബി) യും** ജീവനക്കാരുടെ കാര്യക്ഷമതയും തൊഴിൽപരമായ കഴിവും വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഒരു പുതിയ പരിശീലന നയം രൂപവൽക്കരിക്കുന്നതാണ്. എല്ലാ സർക്കാർ ജീവനക്കാർക്കും നിർബന്ധിത ഇൻഡക്ഷൻ ട്രയിനിംഗും അതുപോലെ തന്നെ വ്യവസ്ഥാപിത ഇൻ-സർവ്വീസ് കോഴ്സുകളും ഇതിൽ വ്യക്തമായി വ്യവസ്ഥ ചെയ്യുന്നതാണ്. കൂട്ടായ പ്രവർത്തനം കൈവരിക്കുന്നതിലേയ്ക്ക്, സർക്കാരിന്റെ കീഴിലുള്ള വിവിധ പരിശീലനസ്ഥാപനങ്ങളുടെ ഏകോപനം സുഖകരമാക്കുവാൻ, ഐ.എം.ജി.യുടെ ഡയറക്ടർ ജനറലിനെ ഡയറക്ടർ ജനറൽ ഓഫ് ട്രയിനിംഗ് ആയി പദവി നിർദ്ദേശം ചെയ്യുന്നതാണ്. മഹത്തായ ഈ ലക്ഷ്യത്തിന് ധനസഹായം നൽകുന്നതിനായി, വകുപ്പുകൾ, അവയുടെ വാർഷിക പ്ലാൻ ബഡ്ജറ്റിന്റെ ഒരു ശതമാനമെങ്കിലും പരിശീലനത്തിനുവേണ്ടി വിനിയോഗിക്കാൻ അനുവദിക്കും വിധം യുക്തമായ ബഡ്ജറ്റ് സംവിധാനം കൊണ്ടു വരുന്നതാണ്. പ്രഗത്ഭരായ യുവജനങ്ങളെ പബ്ലിക് സർവ്വീസിലേയ്ക്ക് ആകർഷിക്കുക, അതിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുക, വകുപ്പുതല ചട്ടക്കൂട് ഇല്ലാതാക്കുക എന്നീ വിവിധ ഉദ്ദേശ്യങ്ങളോട്ടുകൂടി സെക്രട്ടറിയേറ്റ് ഉൾപ്പെടെ കേരള അഡ്മിനിസ്ട്രേറ്റീവ് |

സർവ്വീസ് കൊണ്ടുവരുന്നതിന് നടപടി ആരംഭിക്കും. ഓഫീസ് നടപടി ക്രമങ്ങളെ ഓട്ടോമേറ്റ് ചെയ്യതുകൊണ്ട് ഓഫീസുകളെ ലെസ്സ് പേപ്പർ ഓഫീസായി രൂപാന്തരപ്പെടുത്തുന്നതിനുള്ള ഡിജിറ്റൽ വർക്ക് പ്ളേസ് സൊല്യൂഷൻ ആയ ഇ-ഓഫീസ്, സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകളിലേയ്ക്കും 14 ജില്ലാ കളക്ടറേറ്റുകളിലേയ്ക്കും 21 സബ് കളക്ടറേറ്റുകളിലേയ്ക്കും 75 താലൂക്ക് ഓഫീസുകളിലേയ്ക്കും, ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലേയ്ക്കും വ്യാപിപ്പിക്കുന്നതാണ്. മറ്റു വകുപ്പുകളുടെ ഡയറക്ടറേറ്റുകളിൽ, ആദ്യം ഹെഡ് ഓഫീസിലും പിന്നീട് ജില്ലാ തല ഓഫീസുകളിലും നടപ്പിലാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ